# കേരള സർവകലാശാല

നം. പി.ആർ.274/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ടി.എ പൊതുയോഗം

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് (2017 പ്രവേശനം) കോഴ്സിന്റെ പി.ടി.എ പൊതുയോഗം ഡിസംബർ 20 (ബുധൻ) 10 മണിക്ക് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്.

### ബി.എ, ബി.കോം ഫലം

കേരള സർവകലാശാല 2017 മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആൻ വീഡിയോ പ്രൊഡക്ഷൻ, അഞ്ചാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.കോം ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിങ് ഡിഗ്രി പരീക്ഷകളുടെ (2013 അഡ്മിഷന് മുൻപ്) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### അക്കാഡമിക് റൈറ്റിംഗ്സ് ഇൻ അറബിക് ശില്പശാല

കേരള സർവകലാശാല അറബി വിഭാഗം ലോക അറബിദിനത്തോട് അനുബന്ധിച്ച് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നു. അക്കാഡമിക് റൈറ്റിംഗ്സ് ഇൻ അറബിക് എന്ന വിഷയത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അറബി വിഭാഗം മേധാവി ഡോ. എൻ. ഷംനാദ് വർക്ക് ഷോപ്പിന് (ശില്പശാലയ്ക്ക്) നേതൃത്വം നൽകും. ഡിസംബർ 19 ചൊവ്വാഴ്ച 10 ന് കാര്യവട്ടം അറബി വിഭാഗം സെമിനാർ ഹാളിൽ നടക്കുന്ന ശില്പശാലയിൽ ഗവേഷക വിദ്യാർത്ഥികൾ, അധ്യാപകർ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം. പ്രവേശനം സൗജന്യമായിരിക്കും.

### ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന രണ്ട് പുരുഷ (ബിരുദാനന്തര ബിരുദ ഹോസ്റ്റലും ഗവേഷക ഹോസ്റ്റലും) കരാർ അടിസ്ഥാനത്തിൽ മെസ് നടത്തുന്നതിന് വേണ്ടി താല്പര്യമുള്ള വ്യക്തികളിൽ നിന്നും, ഏജൻസികളിൽ നിന്നും പ്രത്യേകം സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി ഒരു വർഷം. ക്വട്ടേഷൻ ഒന്നിന് നിരതദ്രവ്യം 10,000/- രൂപ വീതം നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുകയോ ഹോസ്റ്റൽ വാർഡിന്റെ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്യുക. ഫോൺ 0471-2308141. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 26.

### സീറ്റൊഴിവ്

കേരള സർവകലാശാല (ഐ.യു.സി.ജി.ഐ.എസ്.ടി) പി ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജിയിൽ ഒരു എസ്.ടി സീറ്റ് ഒഴിവുണ്ട്. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി ബിരുദം. താല്പര്യം ഉള്ളവർ അസ്സൽ രേഖകളുമായി ഡിസംബർ 22 ന് മുൻപ് ഹാജരാകുക. ഫോൺ : 0471 2308214, വിശദവിവരങ്ങൾക്ക് www.cgist.ac.in

തിരുവനന്തപുരം.
18.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**